# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER **08** | **2016** |
|---|---|



## ശബരിമല പത്രക്കുറിപ്പ്


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


---

### ശബരിമലയിൽ പുതിയ പൊലീസ് ബറ്റാലിയൻ ചുമതലയേറ്റു

ശബരിമലയിൽ പുതിയ പൊലീസ് ബറ്റാലിയൻ സുരക്ഷാ ചുമതലയേറ്റു. 1022 പൊലീസുകാരാണ് ഇത്തവണ ഡ്യൂട്ടിക്ക് എത്തിയത്. ഡ്യൂട്ടിയുടെ ഭാഗമായി ക്വിക്ക് റെസ്‌പോൺസ് ടീമിൽ 30 പേരെയും വെർച്യൽ ക്യൂവിൽ 42 പേരെയും വിന്യസിച്ചു.

അയ്യപ്പൻമാർക്ക് സുഗമമായ ദർശനം എന്നതാണ് പോലീസിന്റെ നയമെന്നും സുരക്ഷയ്ക്കൊപ്പം സഹായവും എന്ന നിലപാടോടെ മുന്നോട്ട് പോകാൻ പൊലീസുകാർ സന്നദ്ധരാകണമെന്ന് സന്നിധാനം സ്‌പെഷ്യൽ പൊലീസ് ഓഫീസർ കെ പി മധു പുതിയ ഓഫീസർമാർക്ക് നിർദേശം നൽകി.

എ.എസ്.പി അസി.സ്‌പെഷ്യൽ ഓഫീസർ ഗോകുലചന്ദ്രൻ്, ഡി വൈ എസ് പിമാർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായി.

### തീർഥാടക സൗകര്യാർഥം രാത്രികാല മെഡിക്കൽ സ്റ്റോറുകൾ

തീർഥാടകരുടെ സൗകര്യാർഥം രാത്രികാല മെഡിക്കൽ സ്റ്റോറുകൾ.പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകളും സ്ഥലവും ചുവടെ:

നിർമല മെഡിക്കൽസ്, കളക്ടറേറ്റിനു സമീപം. അടൂർ : കാരുണ്യ ഫാർമസി, ജനറൽ ആശുപത്രി കോമ്പൗണ്ട്. കുളനട : മംഗലശേരിൽ ഡ്രഗ് ഹൗസ്. കോന്നി : പൂജ മെഡിക്കൽസ്. കോഴഞ്ചേരി : മഠത്തിൽ മെഡിക്കൽസ്. റാന്നി : ട്രിനിറ്റി ഹെൽത്ത് കെയർ, ബൈപ്പാസ് റോഡ്. വടശേരിക്കര : നീതി മെഡിക്കൽ സ്റ്റോർ. തിരുവല്ല : കാർമൽ ആശ്രയ മെഡിക്കൽസ്, പ്രൈവറ്റ് ബസ് സ്റ്റാൻഡിനു എതിർവശം.

## ശബരീശ സന്നിധിയിൽ രണ്ടു ദശാബ്ദം:
## കൃഷ്ണകുമാർ മലയിറങ്ങുന്നത് ചാരിതാഥ്യത്തോടെ

ശബരീശ സന്നിധിയിൽ സേവനത്തിന്റെ രണ്ടു ദശാബ്ദം സേവനം നടത്തിയതിന്റെ ചാരിതാർഥ്യത്തിലാണ് ബി എസ് എൻ എൽ സബ് ഡിവിഷണൽ എൻജിനീയർ എസ്.കൃഷ്ണകുമാർ സർവീസിൽ നിന്നും വിരമിക്കുന്നത്.

ട്രങ്ക് കാൾ ബുക്ക് ചെയ്ത് അയ്യപ്പൻമാർ മണിക്കൂറുകൾ കാത്തുനിന്ന് ബന്ധുക്കളുമായി സംസാരിച്ചിരുന്ന കാലം മതുൽ സന്നിധാനം ടെലിഫോൺ എക്സ്ചേഞ്ചിൽ ജോലിനോക്കി വരുന്ന കൃഷ്കുമാർ വരുന്ന മെയ് മാസത്തിൽ സർവീസിൽ നിന്ന് റിട്ടയർ ചെയ്യും.

1994 ൽ ഇന്ന് കാണുന്ന സൗകര്യങ്ങളൊന്നും സന്നിധാനം എക്സ്ചേഞ്ചിന് ഉണ്ടായിരുന്നില്ല. പിന്നീട് സാങ്കേതിക വിദ്യയുടെ കുതിച്ചു ചാട്ടംതന്നെയായിരുന്നു. ഒപ്റ്റിക്കൽ ഫൈബർ കണക്ഷൻ മുതൽ ത്രീ ജി സംവിധാനംവരെ എത്തിനിൽക്കുന്ന വളർച്ച. ഇന്ന് സന്നിധാനത്തിന്റെ മുക്കിലും മൂലയിലും മികച്ച കവറേജ് ലഭിക്കുന്നുണ്ട്. ഇതിന്റെ എല്ലാം അമരത്ത് കൃഷ്ണകുമാർ ഉണ്ടായിരുന്നു. ടെക്നീഷ്യനായിട്ടായിരുന്നു തുടക്കം. 2000 ൽ സന്നിധാനം ടെലിഫോൺ എക്സ്ചേഞ്ചിന്റെ മുഖ്യചുമതലക്കാരനായി.

ഇത്രയും ദുർഘടം പിടിച്ച സ്ഥലത്തേക്ക് ജോലിക്കെത്താൻ ആരും തയ്യാറല്ലായിരുന്നു. കൃഷ്ണകുമാർ യാതൊരു പരിഭവും കാട്ടാതെ സന്നിധാനത്ത് കർമനിരതനായി. വടശ്ശേരിക്കര സബ് ഡിവിഷന്റെ പരിധിയിൽ വരുന്ന ആറ് ടെലിഫോൺ എക്സ്ചേഞ്ചുകളുടെ പൂർണ ചുമതല വഹിക്കുമ്പോഴും ഇദ്ദേഹത്തിന് ശബരിമലയിൽ ജോലിനോക്കുന്നതിനായിരുന്നു കൂടുതൽ സന്തോഷം.

സീസണല്ലാത്തപ്പോഴും സന്നിധാനത്തെ എക്സ്ചേഞ്ചിൽ വരേണ്ടി വന്നിട്ടുണ്ട്. തികച്ചും വിജനമായ കാട്ടിലൂടെയുള്ള യാത്രയിൽ പലപ്പോഴും വന്യമൃഗങ്ങളുടെ ശബ്ദവും ഗന്ധവും പേടിപ്പെടുത്തിയിട്ടുമുണ്ട്. ഒരിക്കൽ മരക്കൂട്ടത്തുനിന്നും പമ്പവരെ ഒറ്റയാൻ തന്നെ ഓടിച്ചത് ഇന്നും ഞെട്ടലോടെയാണ് കൃഷ്ണകുമാർ ഓർക്കുന്നത്. തികഞ്ഞ അയ്യപ്പ ഭക്തനായ തന്നെ ഇതൊന്നും കർമപഥത്തിൽ നിന്ന് പിൻതിരിപ്പിച്ചിട്ടില്ല. സന്നിധാനം എക്സ്ചേഞ്ചിനോട് ചേർന്നുള്ള ഒരു വൻമരത്തിൽ കരടി തേൻ എടുക്കാൻ എത്തിയിരുന്നതിന് കൗതുകമുള്ള കാഴ്ചയായിരുന്നുവെന്ന് കൃഷ്ണകുമാർ ഓർക്കുന്നു.

മാവേലിക്കര സ്വദേശിയായ ഇദ്ദേഹം തിരുവല്ലയിലാണ് താമസിക്കുന്നത്. സർവീസിൽ നിന്ന് വിരമിച്ചാലും സീസണിൽ ഇരുമുടിക്കെട്ടേന്തി തുടർച്ചയായ നാൽപ്പത്തിയേഴാമത്തെ മലകയറാൻ താൻ ഇനിയുമെത്തുമെന്ന് കൃഷ്ണകുമാർ പറഞ്ഞു.

## അകക്കണ്ണിൽ അയ്യനെക്കാണാൻ വേലായുധൻപിള്ള

ജന്മനാ കാഴ്ചയില്ലെങ്കിലും അകക്കണ്ണാൽ അയ്യനെക്കാണാൻ വേലായുധൻപിള്ളയെത്തി. കൊല്ലം പെരുമൺ സ്വദേശിയായ വേലായുധൻപിള്ള ബന്ധുമിത്രാദികളോടൊപ്പം ഇത് രണ്ടാം തവണയാണ് പതിനെട്ടാംപടി ചവിട്ടുന്നത്.

തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീതകോളേജിൽ നിന്നും മ്യൂസിക്കിൽ ബിരുദാനന്തര ബിരുദമുള്ള ഇദ്ദേഹത്തിന് ഭാഗവതം കാണാപ്പാഠമാണ്. അയ്യപ്പന്റെ അനുഗ്രഹമുണ്ടെങ്കിൽ മുടങ്ങാതെ തിരുസന്നധിയിൽ എത്തുമെന്ന് വേലായുധൻപിള്ള പറഞ്ഞു.

## പമ്പയിൽ റെയ്ഡ് : പിഴ ഈടാക്കി

പമ്പ ഡ്യൂട്ടി മജിസ്ട്രേറ്റ് വി.രാജചന്ദ്രന്റെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിൽ കച്ചവടക്കാരിൽ നിന്ന് പിഴ ഈടാക്കി. കഴിഞ്ഞ രണ്ടു ദിവസമായി കടകളിൽ നടത്തിയ പരിശോധനയിൽ 25000 രൂപ പിഴ ചുമത്തി.

സ്റ്റീൽ പാത്രത്തിന് കൂടുതൽ വില വാങ്ങിയ രാമമൂർത്തി മണ്ഡപത്തിനു സമീപത്തെ മൂന്ന് കടകളിൽ നിന്ന് 12500 രൂപയും ഭക്ഷണസാധനങ്ങളുടെ അളവിൽ കുറവ് കണ്ടെത്തിയതിന് പമ്പ പോലീസ് സ്‌റ്റേഷനു സമീപത്തെ ഹോട്ടലിൽ നിന്ന് 2500 രൂപയും പിഴ ഈടാക്കി.

വിരിക്കും ടോയ്‌ലറ്റിനും അമിത നിരക്ക് ഈടാക്കിയതിന് 10000 രൂപ പിഴ ചുമത്തി. ഗ്യാസ്, വിറക് എന്നിവയുടെ ഉപയോഗം കർശനമായി നിരോധിച്ചതായി ഡ്യൂട്ടി മജിസ്‌ട്രേറ്റ് അറിയിച്ചു. കുത്തകയിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ നടപടിയെടുക്കും.

എക്‌സിക്യൂട്ടീവ് മജിസ്‌ട്രേറ്റ് ജി.വി ഹരിഹരൻ നായർ, ലീഗൽ മെട്രോളജി ഉദ്യോഗസ്ഥരായ ജിൻസൺ, രത്നമണി, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻ എ.കെ വിജയൻ, ബി.ഡി.ഒ കെ.ഇ വിനോദ്കുമാർ, റവന്യൂ ഉദ്യോഗസ്ഥൻ ഹരികുമാർ എന്നിവരുൾപ്പെട്ട സ്‌ക്വാഡാണ് പരിശോധന നടത്തിയത്. ഡ്യൂട്ടി മജിസ്‌ട്രേറ്റ് – 9048622309, എക്‌സിക്യൂട്ടീവ് മജിസ്‌ട്രേറ്റ് – 9446446868.

## ശബരിമല : കാണിക്കയിലും നടവരവിലും വൻ വർധനവ്

മണ്ഡലം 22 വരെ ശബരിമലയിൽ കാണിക്കയിലും നടവരവിലും വൻ വർധനവ്. മുൻ വർഷത്തെ അപേക്ഷിച്ച് ഇത്തവണ 11.53 കോടി രൂപയാണ് വർധന.അരവണവിൽപനയിൽ മുൻ വർഷത്തെക്കാൾ ഒൻപതുകോടിയോളം രൂപ അധികമായി ലഭിച്ചിട്ടുണ്ട്. ഇത് ഇപ്പോൾ 32.18 കോടി രൂപയായി.അപ്പം വിൽപന മുൻ വർഷത്തെ 5.34 കോടിയായിരുന്നത് 6.16 കോടിയായി ഉയർന്നു.അന്നദാനത്തിനുള്ള സംഭാവന 34.37 ലക്ഷം എന്ന മുൻ കണക്കിൽ നിന്നും 40.25 ലക്ഷമായി വർധിച്ചു. കാണിക്ക 21.96 കോടിയായിരുന്നത് 23.83 കോടിയായി ഉയർന്നു.കഴിഞ്ഞ വർഷം ഇതേ സമയം നെയ്യഭിഷേകത്തിൽ നിന്നും ലഭിച്ച വരുമാനം 65.49 ലക്ഷം രൂപയാണ്.ഇത്തവണ അത് 72.88 ലക്ഷമായി ഉയർന്നുവെന്ന് ദേവസ്വം അധികൃതർ പറഞ്ഞു.

## പ്ലാസ്റ്റിക്കിനെതിരെ മൈക്കുകെട്ടി പ്രചരണം

അയ്യപ്പൻമാർക്കരികിൽ മൈക്കുമായെത്തി പ്ലാസ്റ്റിക്കിനെതിരെ ബോധവത്ക്കരണം. സന്നിധാനത്ത് പ്രവർത്തിക്കുന്ന ശുചിത്വ പദ്ധതിയായ പുണ്യംപൂങ്കാവനത്തിന്റെ പ്രവർത്തകരാണ് വേറിട്ട പ്രവർത്തനത്തിലൂടെ മാതൃകയായത്. വിവിധ ദേശങ്ങളിലെത്തിയ അയ്യപ്പൻമാർക്ക് അവരുടെ ഭാഷകളിൽ തന്നെയാണ് നിർദേശങ്ങൾ നൽകിയത്. ശബരിമല പ്ലാസ്റ്റിക് രഹിതാക്കുക, മാലിന്യങ്ങൾ കൃത്യമായ സ്ഥലങ്ങളിൽ നിക്ഷേപിക്കുക, പൊതുഇടങ്ങളിൽ പാലിക്കേണ്ട ശുചിത്വ നിർദേശങ്ങൾ എന്നിവയാണ് പ്രധാനമായും നൽകിയത്. പുതിയ സംരംഭത്തിന് അയ്യപ്പൻമാരിൽ നിന്നും വളരെ നല്ല പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.